ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ/പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

നഗരവികസനം

89 (3292) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസന വകുപ്പിനായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികൾക്കായി നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ഓരോന്നിനും വെവ്വേറെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയും എത്ര വീതമെന്ന് വിശദമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസകേന്ദ്രങ്ങൾ നഗരപ്രദേശങ്ങളിൽ നിർമ്മിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്നും എങ്കിൽ അതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയും എത്രയെന്നും പറയുമോ?

ഉത്തരം

(എ-ബി) അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

(സി) 50 ലക്ഷം രൂപ 2014-15-ലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'രാത്രികാല അഭയ കേന്ദ്രങ്ങളുടെ നിർമ്മാണം' എന്ന പദ്ധതി അനുസരിച്ച് പെരുമ്പാവൂർ നഗരസഭയ്ക്ക് 2013-14 സാമ്പത്തിക വർഷം 19.05 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly